വ്യാപാരി വ്യവസായി ഏകോപന സമിതി

# മർച്ചന്റ്സ് യൂത്ത് വിങ്ങ്

അടിമാലി

## പ്രവർത്തന റിപ്പോർട്ട്

2025 - 26

# നോട്ടീസ്

പ്രിയ വ്യാപാരി സുഹൃത്തേ,

അടിമാലി മർച്ചന്റ് യൂത്ത് വിങ്ങിന്റെ (2026-26) വാർഷിക പൊതുയോഗവും ഭരണസമിതി തിരഞ്ഞെടുപ്പും 2026 സെപ്റ്റംബർ മാസം 19-ാം തിയതി ശനിയാഴ്ച വൈകിട്ട് 8 മണിക്ക് അടിമാലി മർച്ചന്റ് അ വ്യാപാര ഭവൻ ഓഡിറ്റോറിയത്തിൽവച്ച് മർച്ചന്റ്സ് യൂത്ത് വിങ്ങ് പ്ര സിഡന്റ് ശ്രീ. സിബിരാജ് പി. ആർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂ ടുന്നതിന് നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിലേക്ക് എല്ലാ ബ ഹുമാന്യ അംഗങ്ങളുടെയും സാന്നിദ്ധ്യവും സഹകരണവും വിനയ പൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്,

**ഫൈസൽ ഇബ്രാഹിം**

ജനറൽ സെക്രട്ടറി, യൂത്ത്‌വിങ്ങ്

അടിമാലി

18/09/2026

ബഹുമാന്യ അംഗങ്ങളെ

# മർച്ചന്റ് യൂത്ത് വിംഗ് അടിമാലി

**അനുശോചനം**

വ്യാപാരി വ്യവസായി ഏകോപന സമിതി അടിമാലി യൂണിറ്റ് അംഗമായ ശ്രീ ബിജു ബാലൻ, അപ്പച്ചൻ പി വി, ഏലിയാസ് പുതിയടത്ത് കൂടാതെ അടിമാലി യൂണിറ്റിൽ നമ്മെ വിട്ടുപിരിഞ്ഞ മറ്റ് അംഗങ്ങൾ തുടങ്ങിയവർക്ക് അനുശോചനം രേഖപ്പെടുത്തുന്നു

**ഭരണസമിതി**

2024 ഒക്ടോബർ മാസം പതിനാലാം തീയതി വൈകിട്ട് 7 മണിക്ക് വ്യാപാര ഭവനിൽ നടന്ന പൊതുയോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാണ് അടിമാലി മർച്ചന്റ്സ് യൂത്ത് വിംഗിന് നേതൃത്വം നൽകുന്നത്

14/10/2024 അടിമാലി വ്യാപാര ഭവൻ ഓഡിറ്റോറിയത്തിൽ പ്രസിഡൻറ് ശ്രീ അർജുൻ കെ നായരുടെ അധ്യക്ഷതയിൽ കൂടിയ യോഗം ജില്ലാ വൈസ് പ്രസിഡണ്ടും അടിമാലി യൂണിറ്റ് പ്രസിഡണ്ടുമായ ശ്രീ പി എം ബേബി അവർകൾ ഉദ്ഘാടനം ചെയ്തു ചടങ്ങിൽ അതിഥികളായി എത്തിച്ചേർന്ന യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് സലിം പി എസ്, നിയോജകമണ്ഡലം പ്രസിഡൻറ് ശ്രീ സാൻറ്റി മാത്യു യൂത്ത് വിംഗ് ജില്ലാ ജനറൽ സെക്രട്ടറി അഭിലാഷ് ജി നായർ, ട്രഷറർ സനൂപ് സ്കറിയ എന്നിവർ സംസാരിച്ചു

**ഭരണസമിതി തിരഞ്ഞെടുപ്പ്**

തുടർന്ന് 2024 26 വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടന്നു. വരണാധികാരിയായി യൂത്ത് വിംഗ് ജില്ലാ ജ

നറൽ സെക്രട്ടറി ശ്രീ അഭിലാഷ് ജി നായർ തെരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ നടത്തി പൊതുയോഗത്തിൽ നിന്നും ഏകകണ്ഠമായി ശ്രീ സിബിരാജ് പി ആറി നെ അടിമാലി യൂത്ത് വിങ്ങിന്റെ 2024 26 കാലയളവിലുള്ള പ്രസിഡൻറ് ആയി തിരഞ്ഞെടുക്കപ്പെട്ടു.

വരണാധികാരി പാനൽ അവതരിപ്പിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് 15 അംഗങ്ങളുടെ പേര് പേരുകൾ പ്രസിഡൻറ് അവതരിപ്പിച്ചു

തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങളുടെ യും യൂത്ത് പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനത്തോടെ യൂത്ത് വിങ്ങിന്റെ പ്രവർത്തനം സുഖമമായി നടന്നുവരുന്നു

## 2025 26 കാലയളവിലെ പ്രവർത്തന റിപ്പോർട്ട്

### 1. വാർഷിക പൊതുയോഗം

2024–25 വർഷത്തെ വാർഷിക പൊതുയോഗം 2025 ഡിസംബർ 17-ാം തീയതി വൈകിട്ട് 7 മണിക്ക് അടിമാലി വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ജില്ലാ വർക്കിംഗ് പ്രസിഡൻറ് ശ്രീ. വിനോദ് കെ. ആർ. യോഗം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അതിഥികളായി യൂത്ത് ജില്ലാ പ്രസിഡൻറ് സലിം പി. എസ്. അടിമാലി, യൂണിറ്റ് പ്രസിഡൻറ് ശ്രീ. പി. എം. ബേബി, നിയോജകമണ്ഡലം പ്രസിഡൻറ് ശ്രീ. മാത്യു, ജില്ലാ യൂത്ത് ട്രഷറർ ശ്രീ. സനൂപ സ്ക്കറിയ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

അടിമാലി ബ്ലോക്ക് പഞ്ചായത്ത് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ യൂണിറ്റ് അംഗം ഷേർളി മാത്യുവിനെ യോഗത്തിൽ ആദരിച്ചു.

തുടർന്ന് അടിമാലി യൂത്ത് വിംഗ് മുൻ പ്രസിഡൻറും കാരുണ്യ കുടുംബ സുരക്ഷാ പദ്ധതി യൂണിറ്റ് ചെയർമാനുമായ ശ്രീ. അർജുൻ കെ. നായർ കൃതജ്ഞത രേഖപ്പെടുത്തി. യോഗത്തോടനുബന്ധിച്ച് യൂണിറ്റിലെ കലാപ്രേമികളായ അംഗങ്ങൾ അവതരിപ്പിച്ച കരോക്കെ ഗാനമേള ഏറെ ശ്രദ്ധേയമായി.

## 2. ഇടുക്കി ജില്ലാ വ്യാപാരോത്സവം

ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഇടുക്കി ജില്ലാ വ്യാപാരോത്സവത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2025 ഡിസംബർ 18-ന് വൈകിട്ട് 3.45ന് വിളംബര ജാഥ സംഘടിപ്പിച്ചു. യൂത്ത് വിംഗ് അംഗങ്ങളുടെയും മാതൃ യൂണിറ്റ് അംഗങ്ങളുടെയും സജീവ സാന്നിധ്യത്തിൽ വാഹനങ്ങളുടെ അകമ്പടിയോടും താളമേളങ്ങളോടും കൂടി നടന്ന ജാഥ വ്യാപാരോത്സവത്തിന് ആവേശകരമായ തുടക്കം കുറിച്ചു. കല്ലാർകുട്ടി റോഡിലുള്ള പാൽക്കോ പമ്പിന് സമീപം ജാഥ സമാപിച്ചു.

വ്യാപാരോത്സവത്തിന്റെ കൂപ്പണുകൾ പരമാവധി അംഗങ്ങളിൽ എത്തിക്കുന്നതിനും നറുക്കെടുപ്പ് പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും യൂത്ത് വിംഗ് നേതൃത്വം നൽകി. അടിമാലിയിലെ യുവ വ്യാപാരികളുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കുന്നതിനും സാധിച്ചു.

## 3. അനുസ്മരണ സമ്മേളനം

സംസ്ഥാന പ്രസിഡൻറ് ആയിരുന്ന T നസറുദ്ദീൻ, ജില്ലാ പ്രസിഡൻറ് ആയിരുന്ന മാരിയൽ കൃഷ്ണൻ നായർ എന്നിവരുടെ അനുസ്മരണ സമ്മേളനത്തിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. വ്യാപാര മേഖലയ്ക്ക് അവർ നൽകിയ വിലപ്പെട്ട സംഭാവനകൾ അനുസ്മരിക്കുകയും അവരുടെ പ്രവർത്തനങ്ങളെ ആദരപൂർവം സ്മരിക്കുകയും ചെയ്തു.

4. അംഗത്വ ലിസ്റ്റ് പരിശോധന

മാതൃ യൂണിറ്റിന്റെ വാർഷിക പ്രവർത്തനങ്ങളോടനുബന്ധിച്ച് യൂണിറ്റിന്റെ അംഗത്വ ലിസ്റ്റ് പരിശോധിക്കുന്ന പ്രവർത്തനങ്ങളിൽ യൂത്ത് വിംഗ് അംഗങ്ങൾ സഹകരിച്ചു. അംഗങ്ങളുടെ വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനും ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തുന്നതിനും വേ് സഹകരണം ഉറപ്പുവരുത്തി.

5. യൂണിറ്റ് തിരഞ്ഞെടുപ്പ്

2026–28 കാലയളവിലേക്കുള്ള മാതൃ യൂണിറ്റിന്റെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ നടപടികളിൽ യൂത്ത് വിംഗ് അംഗങ്ങൾ സജീവമായി പങ്കെടുത്തു. തിരഞ്ഞെടുപ്പ് യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലും ഗിഫ്റ്റുകൾ കൃത്യമായി വിതരണം ചെയ്യുന്നതിലും യോഗത്തിന്റെ തുടക്കം മുതൽ അവസാനം വരെ യൂത്ത് വിംഗ് അംഗങ്ങൾ മാതൃ യൂണിറ്റിന് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും നൽകി.

6. ജില്ലാ കമ്മിറ്റി ഓഫീസ് ഉദ്ഘാടനം

ചെറുതോണിയിൽ നവീകരിച്ച ജില്ലാ കമ്മിറ്റി ഓഫീസിന്റെ ഉദ്ഘാടന ചടങ്ങിൽ അടിമാലി യൂണിറ്റിൽ നിന്നുള്ള യൂത്ത് വിംഗ് അംഗങ്ങൾ പങ്കെടുത്ത് സാന്നിധ്യം അറിയിച്ചു.

7. പഠന ക്യാമ്പ്

മാതൃ യൂണിറ്റ് ചിന്നക്കനാലിൽ സംഘടിപ്പിച്ച പഠന ക്യാമ്പിൽ യൂത്ത് വിംഗ് അംഗങ്ങൾ സജീവമായി പങ്കെടുത്തു. വ്യാപാര മേഖലയുമായി ബന്ധപ്പെട്ട അറിവുകളും സംഘടനാപരമായ

പ്രവർത്തനങ്ങളെക്കുറിച്ചുള്ള പുതിയ ആശയങ്ങളും പങ്കുവെക്കുന്നതിനുള്ള വേദിയായി പഠന ക്യാമ്പ് മാറി.

**8. തൊടുപുഴ യൂണിറ്റ് തിരഞ്ഞെടുപ്പ്**

തൊടുപുഴ യൂണിറ്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിന് യൂത്ത് വിംഗ് പ്രസിഡൻറിന് മാതൃ യൂണിറ്റ് അവസരം നൽകി. ഏൽപ്പിച്ച ഉത്തരവാദിത്വം കൃത്യമായും നിഷ്പക്ഷമായും പൂർത്തിയാക്കുകയും തിരഞ്ഞെടുപ്പ് നടപടികൾ സുഗമമായി നടത്തുന്നതിന് ആവശ്യമായ സഹകരണം നൽകുകയും ചെയ്തു.

**9. തൊഴിലാളി കൂലി ചർച്ച**

തൊഴിലാളി കൂലി വിഷയവുമായി ബന്ധപ്പെട്ട ചർച്ചകളിൽ യൂത്ത് വിംഗ് അംഗങ്ങൾ സജീവമായി പങ്കെടുത്തു. വ്യാപാര സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വിവിധ ഉൽപ്പന്നങ്ങളുടെ അളവുകളും തൂക്കങ്ങളും സംബന്ധിച്ച വിവരങ്ങൾ കൃത്യമായി മാതൃ യൂണിറ്റിനെ അറിയിക്കുകയും നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെടാത്ത ഉൽപ്പന്നങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു.

**10. NH-85 സംബന്ധിച്ച പ്രവർത്തനങ്ങൾ**

NH-85-മായി ബന്ധപ്പെട്ട വിവിധ ചർച്ചകളിലും പ്രക്ഷോഭ പരിപാടികളിലും അടിമാലിയിലെ യുവ വ്യാപാരികൾ സജീവമായി പങ്കെടുത്തു. വ്യാപാരികളുടെയും മലയോര ജനതയുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ വിഷയങ്ങൾ സംഘടനാ നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.

ഈ വിഷയത്തിൽ പുതിയ സർക്കാർ മലയോര ജനതയ്ക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചതിനെ സംഘടനാ തലത്തിൽ സ്വാഗതം ചെയ്യുകയും പ്രശംസിക്കുകയും ചെയ്തു.

11. **അടിമാലി ഡിവൈഡർ**

അടിമാലി ടൗൺ ഭാഗത്തെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നിർമിച്ച ഡിവൈഡറുമായി ബന്ധപ്പെട്ട വ്യാപാരികളുടെ ആശങ്കകൾ സംഘടനാ നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്നുള്ള ചർച്ചകളിൽ യൂത്ത് വിംഗ് പ്രതിനിധികൾ പങ്കെടുത്തു. റോഡിന്റെ ഇരുവശങ്ങളിലുമുള്ള വ്യാപാരികളുടെ വ്യാപാരം നിലനിർത്തുന്നതിനും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടു.

വ്യാപാരികളെ പൂർണമായും ഒഴിപ്പിക്കുന്ന നടപടികളോട് ശക്തമായ എതിർപ്പ് രേഖപ്പെടുത്തുകയും ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും നൽകുമെന്ന് അറിയിക്കുകയും ചെയ്തു.

12. **ഹെൽത്ത് കാർഡ് മെഡിക്കൽ ചെക്കപ്പ്**

മാതൃ യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ഹെൽത്ത് കാർഡ് മെഡിക്കൽ ചെക്കപ്പ് പരിപാടിയിൽ യൂത്ത് വിംഗ് അംഗങ്ങൾ തുടക്കം മുതൽ അവസാനം വരെ സജീവമായി പങ്കെടുത്തു. ഏകദേശം 138 അംഗങ്ങൾ ഈ ആരോഗ്യപരിശോധനാ പരിപാടിയുടെ പ്രയോജനം നേടി. പരിപാടിയുടെ നടത്തിപ്പിനും അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും യൂത്ത് വിംഗ് ആവശ്യമായ സഹകരണം നൽകി.

### 13. ഫുട്ബോൾ ലോകകപ്പ് പ്രദർശനം

യൂണിറ്റിലെ കായിക–കലാപ്രേമികളായ അംഗങ്ങൾക്ക് വലിയ സ്ക്രീനിൽ ഫുട്ബോൾ മത്സരങ്ങൾ കാണുന്നതിനായി വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ സൗകര്യം ഒരുക്കി. നിരവധി അംഗങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തി. പ്രത്യേകിച്ച് ഫൈനൽ മത്സരം കാണുന്നതിനായി ഓഡിറ്റോറിയത്തിൽ എത്തിയ എല്ലാ അംഗങ്ങൾക്കും സുഹൃത്തുക്കൾക്കും ഈ അവസരത്തിൽ യൂത്ത് വിംഗിന്റെ നന്ദി രേഖപ്പെടുത്തുന്നു.

### 14. വെൽഫെയർ സെന്റർ ശുചീകരണം

വെൽഫെയർ സെന്ററിന്റെ ശുചീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ യൂത്ത് വിംഗ് അംഗങ്ങളും പ്രസിഡൻറും സജീവമായി പങ്കെടുത്തു. സംഘടനയുടെ പൊതുസ്വത്തുക്കളുടെ സംരക്ഷണത്തിലും ശുചിത്വപരിപാലനത്തിലും യുവ അംഗങ്ങളുടെ ഉത്തരവാദിത്വബോധം പ്രകടമാക്കാൻ ഈ പ്രവർത്തനത്തിലൂടെ സാധിച്ചു.

### 15. മഴക്കാലക്കെടുതി

അപ്രതീക്ഷിതമായി പെയ്ത ശക്തമായ മഴയെ തുടർന്ന് ഹൈവേയുടെ ഇരുവശങ്ങളിലുമുള്ള നിരവധി വ്യാപാര സ്ഥാപനങ്ങളിൽ വെള്ളം കയറി നാശനഷ്ടങ്ങൾ സംഭവിച്ചു .
യൂത്ത് വിംഗ് അംഗങ്ങൾ സ്ഥലങ്ങൾ സന്ദർശിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തുകയും ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കുന്നതിനായി സംഘടനാ നേതൃത്വവുമായി ഏകോപിച്ച് പ്രവർത്തിക്കുകയും ചെയ്തു.

### 16. സ്വാതന്ത്ര്യദിനാഘോഷം

എല്ലാ വർഷവും നടത്തിവരുന്ന സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ യൂത്ത് വിംഗ് അംഗങ്ങൾ സജീവമായി പങ്കെടുത്തു. ദേശഭക്തി വിളിച്ചോതുന്ന രീതിയിൽ അംഗങ്ങൾ അവരുടെ സ്ഥാപനങ്ങൾ അലങ്കരിക്കുകയും സംയുക്തമായി സംഘടിപ്പിച്ച ഘോഷയാത്രയിൽ പങ്കെടുക്കുകയും ചെയ്തു.

### 17. വ്യാപാരി പൊന്നോണം

മാതൃ യൂണിറ്റിന്റെയും യൂത്ത് വിംഗിന്റെയും നേതൃത്വത്തിൽ സംയുക്തമായി സംഘടിപ്പിച്ച വ്യാപാരി പൊന്നോണം പരിപാടിയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. വിവിധ കലാ–കായിക പരിപാടികളോടുകൂടി സംഘടിപ്പിച്ച പൊന്നോണം ആഘോഷം വളരെ മനോഹരമായി നടത്തുകയും വിജയിപ്പിക്കുകയും ചെയ്തു.

### ഓൺലൈൻ പ്രസൻസ്

മാതൃ യൂണിറ്റ് ഏറ്റെടുത്തു നടത്തുന്ന പ്രക്ഷോഭങ്ങളും സമരപരിപാടികൾക്കും സോഷ്യൽ മീഡിയ വഴി പ്രചരണം നടത്തുന്നതിന് ഓരോ അംഗങ്ങളും ഏറെ ശ്രദ്ധ ചെലുത്തുകയും അതിലൂടെ കൃത്യമായ വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്

### എക്സിക്യൂട്ടീവ് കമ്മിറ്റി സൗഹൃദ കൂട്ടായ്മ

അടിമാലിയിലെ വിവിധ വ്യാപാര മേഖലയിലുള്ള 15 പേർ അടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് അടിമാലി മർച്ചന്റ് നേതൃത്വത്തിൽ ഉള്ളത് ഈ കാലയളവിൽ നടന്നിട്ടുള്ള എല്ലാ പ്രോഗ്രാമുകളും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കൂട്ടായ തീരുമാനത്തിന്റെയും പ്രവർത്തനത്തിന്റെയും ഫലമാണ് കമ്മറ്റിയിലെ അംഗങ്ങളുടെ വാട്സ്ആപ്പ് ഗ്രൂപ്പ് വിവിധ ചർച്ചകൾക്കും

പുതിയ ആശയ രൂപീകരണത്തിനും ഉപയോഗിക്കപ്പെട്ടിട്ടുണ്ട് പല പ്രോഗ്രാമുകൾക്കായി നിരവധി തവണ ഒരുമിച്ച് യാത്രകൾ നടത്തിയിട്ടുള്ള കമ്മിറ്റി അംഗങ്ങൾ എന്നതിലുപരി പരസ്പരം മനസ്സിലാക്കുന്ന അംഗീകരിക്കുന്ന സുഹൃത്തുക്കളായി ഓരോരുത്തരും ഈ കാലയളവിൽ മാറി വ്യാപാരി വ്യവസായി ഏകോപന സമിതി അടിമാലി യൂണിറ്റ് സെക്രട്ടറിയേറ്റ് അംഗം ശ്രീ റോജൻ ഏരിവേലി യൂത്ത് കോഡിനേറ്റർ എന്ന നിലയിൽ നൽകി നിർദേശങ്ങളും പിന്തുണയും നൽകിയത് ഏറെ നന്ദിയോടെ ഓർക്കുന്നു ഒപ്പം മാതൃ യൂണിറ്റിന്റെ എല്ലാ പ്രവർത്തനങ്ങളിലും യൂത്ത് വിങ്ങിന് വ്യക്തമായ പ്രാതിനിത്യം നൽകുകയും ഉത്തരവാദിത്വം നൽകുകയും അത് ഏറ്റെടുത്തു നടത്തുവാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്ന യൂണിറ്റ് പ്രസിഡൻറ് ശ്രീ പി എം ബേബി ജനറൽ സെക്രട്ടറി സാൻഡി മാത്യു ജില്ലാ വർക്കിംഗ് പ്രസിഡണ്ട് ശ്രീ വിനോദ് കെ ആർ എന്നിവരോടുള്ള ആത്മാർത്ഥമായ നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു

**ഉപസംഹാരം**

തിരഞ്ഞെടുക്കപ്പെട്ട യൂത്ത് വിങ്ങ് ഭരണസമിതിയുടെ പ്രവർത്തനം അടിമാലി മർച്ചൻസ് അസോസിയേഷൻ യൂണിറ്റ് പ്രസിഡൻറ് ശ്രീ പി എം ബേബി ജനറൽ സെക്രട്ടറി എസ് കിഷോർ കൂടാതെ മറ്റ് ഭാരവാഹികളുടെയും ജില്ലാ ഭാരവാഹികളുടെയും ദേവികുളം വ്യാപാരി സർവീസ് സഹകരണ സംഘം അടിമാലി അർബൻ സഹകരണ സംഘം എന്നീ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിച്ചിട്ടുണ്ട് .

മാതൃ സംഘടനയായ അടിമാലി മർച്ചൻസ് എക്സിക്യൂട്ടീവ് കമ്മിറ്റി വളരെ നല്ല രീതിയിൽ അടിമാലി യൂത്ത് കമ്മിറ്റിയെ സഹായിച്ചിട്ടുണ്ട്. മീറ്റിംഗ് കൂടുന്നതിന് വ്യാപാരഭവൻ വിട്ടുതരികയും സാമ്പത്തിക സഹായം നൽകുകയും ചെയ്ത അസോസിയേഷൻ

എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് എല്ലാവിധ നന്ദിയും സ്നേഹവും അർപ്പിക്കുന്നു

ഈ റിപ്പോർട്ടിൽ എന്തെങ്കിലും വിട്ട് ചേർക്കാൻ വിട്ടുപോവുകയൊ തെറ്റുകുറ്റങ്ങൾ സംഭവിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ചൂണ്ടികാണിക്കണമെന്നും തുടർന്നുള്ള സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഓരോരുത്തരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നും ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട്

ഈ റിപ്പോർട്ട് നിങ്ങളുടെ ഓരോരുത്തരുടെയും അറിവിനും അംഗീകാരത്തിനുമായി സാദരം സമർപ്പിക്കുന്നു

നന്ദിയോടെ

**ഫൈസൽ ഇബ്രാഹിം**

ജനറൽ സെക്രട്ടറി

# Merchants Youth Wing Adimaly

## Receipts & Payments

**16-12-2025 to 15-09-2026**

| Receceipts | Amount | Payments | Amount |
|---|---|---|---|
| Opening Balance-Bank | ₹ 18,071.00 | District President TA | ₹ 2,000.00 |
| Annuel Meet Sponsorship | ₹ 10,000.00 | Mic Sanction (2) | ₹ 1500.00 |
| Luckey Draw 30x200 | ₹ 9,000.00 | Cleaning Charge (2) | ₹ 1000.00 |
| Entertainment Coupon | ₹ 2,450.00 | Mic & Sound | ₹ 3,500.00 |
| Merchants Association | ₹ 25,000.00 | Gifts | ₹ 730.00 |
| Interest Received Bank | ₹ 743.00 | Printing & Stationery | ₹ 4,342.00 |
| | | Announcement + Recording | ₹ 15,000.00 |
| | | Food-Annual Meet | ₹ 10,600.00 |
| | | Fellowship | ₹ 6,810.00 |
| | | Music Programme | ₹ 2,500.00 |
| | | Wreaths | ₹ 1,050.00 |
| | | World Cup Live | ₹ 2,420.00 |
| | | District Committee TA | ₹ 1,200.00 |
| | | Cash at Bank | ₹ 9,308.00 |
| | | Cash in hand | ₹ 3,304.00 |
| | **₹ 65,264.00** | | **₹ 65,264.00** |
| | | | |